

# സൈക്കോതെറാപ്പി

**അമീൻ അഹ്സൻ**, മലപ്പുറം

ഇപ്പോൾ ഞാൻ ചിന്തിക്കാറില്ല
എന്തിനു മൈഗ്രേൻ ഉണ്ടാക്കണം.
ഞാൻ ചെന്നേൽ പിന്നേ
സൈക്ക്യാട്രിസ്റ്റ് പുതിയ വീടു വെച്ചു.
ഇപ്പോഴും അദ്ദേഹം വിളിക്കാറുണ്ട്
ഞാനിപ്പോ....വെറും ആസ്വാദകൻ /
കാഴ്ചക്കാരൻ
ഇറാഖിലെയും ഫിലസത്വീനിലെയും
വെടിയൊച്ചകൾ കേൾക്കാറില്ല.
അമേരിക്കയിൽ ഒബാമയില്ലത്രെ
കുഞ്ഞുങ്ങളുടെ കളിത്തോക്ക് ഭയന്ന്
ഇസ്രായേലിൽ ഒളിവിലാണു പോലും;
കൂടാതെ.....
ചാവേസിന്റെ ഓർമകളും വാക്കുകളും
എംബാം ചെയ്യണമത്രെ...
ബർമയിൽ കബന്ധങ്ങൾ ചീഞ്ഞ് നാറുന്നു
രക്ത രക്ഷസുകൾ ബോധി വൃക്ഷത്തിൽ
കുടിയേറിയിരിക്കുന്നു
ഗുജറാത്തിന്റെ കുഴിമാടങ്ങൾക്കുമേൽ
ഖുതുബുദ്ദീൻ അൻസാരിയുടെ സൈക്കിൾ
പഞ്ചറടച്ച് ഓടിത്തുടങ്ങിയത്രെ
ദൽഹിയിൽ ബസ്സുകൾ സ്ത്രീ നിലവിളി
ഹോണാക്കിയിരിക്കുന്നു
അഫ്സൽ ഗുരുവും കർക്കറെയും
ഷിൻഡെയുടെ സ്വപ്നങ്ങളിൽ
ചാണകം തളിക്കുന്നു
മഅ്ദനിയും സഞ്ജയ് ദത്തും
സക്കറിയയും ഇറ്റാലിയൻ നാവികരും
കണ്ണുതുറക്കാത്ത (പ)ത്രാസുകാരിയുടെ
മുൾകിരീടത്തിൽ തലോടുകയാണ്.
പരീക്ഷ പേപ്പറിൽ കൈയ്യക്ഷരം നോക്കി
ടീച്ചർ മാർക്കിട്ടു കൊണ്ടേയിരിക്കുന്നു.
ബ്രേക്കിംഗ് ന്യൂസുകൾ കൊന്ന
യുവത്വത്തിനു പത്രത്താളുകൾ
ചിതയൊരുക്കുന്നു.
അമ്മയുടെ മടിയിൽ സത്നംസിംഗിന്
ജീവൻ തന്നെ നഷ്ടപ്പെട്ടിരിക്കുന്നു.
ചില്ലു പ്രതിമകളിൽ ചോരപ്പാടുകൾ
വെറ്റിലക്കറകളാകുന്നു
വിതുരയിലും സൂര്യനെല്ലിയിലും
ഐസ്ക്രീം വിളമ്പുന്നു
ഗോവിന്ദചാമി സുന്ദരനായിരിക്കുന്നു
സൗമ്യയുടെ ഓർമകൾ ചിതൽ
തിന്നു തീർത്തിരിക്കുന്നു
വോട്ടുബേങ്കിൽ ശുഭ്രവസ്ത്രധാരികൾ
അപ്പക്കഷ്ണങ്ങൾ നിക്ഷേപിക്കുന്നു.
നടുറോഡിൽ നീറോമാർ വീണ വായിക്കുന്നു.
ഞാനെന്റെ കണ്ണിലും കാതിലും
ഈയ്യമുരുക്കുകയാണ്
ശബ്ദം മാത്രം ബാക്കി വെക്കാം
ഉച്ച ഭാഷിണിക്കെന്തും വിളിച്ചു പറയാമല്ലോ!.
സൈക്ക്യാട്രിസ്റ്റ് ഇപ്പോഴും വിളിക്കാറുണ്ട്.
മൈഗ്രേൻ തിരിച്ചുവരാനൊരുങ്ങുന്നു.